പ്രകാശവചനം

അബൂഅമാൻ

# അവകാശ നിഷേധത്തിന്റെ രൂപങ്ങൾ

عَنْ عَبْدِ الرَّحْمنِ بْنِ شِمَاسَةَ : أَنَّهُ سَمِعَ عُقْبَةَ بْنَ عَامِرٍ رَضِيَ اللهُ عَنْهُ عَلَى الْمِنْبَرِ يَقُولُ : إِنَّ رَسُولَ اللهِ ﷺ قَالَ : الْمُؤْمِنُ أَخُو الْمُؤْمِنِ فَلَا يَحِلُّ لِلْمُؤْمِنِ أَنْ يَبْتَاعَ عَلَى بَيْعِ أَخِيهِ وَلَا يَخْطُبَ عَلَى خِطْبَةِ أَخِيهِ حَتَّى يَذَرَ

**അബ്ദുർറഹ്മാനുബ്നു ശിമാസയിൽനിന്ന്: ഉഖ്ബതുബ്നു ആമിർ മിമ്പറിൽ വെച്ച് ഇങ്ങനെ പറയുന്നത് അദ്ദേഹം കേട്ടു- നബി(സ) അരുളി: ഒരു സത്യവിശ്വാസി മറ്റൊരു സത്യവിശ്വാസിയുടെ സഹോദരനാകുന്നു. തന്റെ സഹോദരൻ കച്ചവടം പറഞ്ഞുകൊണ്ടിരിക്കുന്നതിന്മേൽ കച്ചവടം പറയുന്നത് ഒരു സത്യവിശ്വാസിക്കും അനുവദനീയമല്ല. തന്റെ സഹോദരൻ വിവാഹമാലോചിക്കുന്ന സ്ത്രീയെ -അവൻ ആലോചന ഒഴിവാക്കുന്നത് വരെ- വിവാഹം ആലോചിക്കുകയുമരുത്** (ബുഖാരി).

മറ്റുള്ളവരുടെ അവകാശങ്ങൾ കവർന്നെടുക്കരുതെന്ന് പഠിപ്പിക്കുകയാണ് ഈ നബിവചനം. അവിഹിതമായി പലതും നേടിയെടുക്കുന്നത്, സ്വന്തം മിടുക്കും സാമർഥ്യവുമായാണ് ഇന്ന് പലരും മനസ്സിലാക്കുന്നത്. എന്നാൽ സഹജീവികളുടെ അവകാശം ഹനിക്കുന്നത് കടുത്ത അപരാധമാണ്. അളവുതൂക്കത്തിൽ കൃത്രിമം കാണിച്ചും, ഭൂമി കൈയേറ്റം നടത്തിയും സ്വത്ത് കൈവശപ്പെടുത്തിയും, കടം തിരിച്ചു നൽകാതിരുന്നുമെല്ലാം അവകാശം കവർന്നെടുക്കുന്നവർ സമൂഹത്തിൽ ഏറെയുണ്ട്.

രണ്ട് പ്രധാന വിഷയങ്ങളിലുള്ള അവകാശ നിഷേധമാണ് ഈ ഹദീസിൽ സൂചിപ്പിച്ചിരിക്കുന്നത്. ഒരു കച്ചവട വസ്തുവിൽ ഒരാൾ ഇടപാടു നടത്തിക്കൊണ്ടിരിക്കെ, ആ പ്രക്രിയ തീരും മുമ്പ് മറ്റൊരാൾ ഇടക്കുകയറി അത് തനിക്കാക്കുന്ന രീതി അരുത്. ഒരാൾ വിവാഹാന്വേഷണം നടത്തിക്കൊണ്ടിരിക്കുന്ന സ്ത്രീയെ ആ അന്വേഷണം നിലനിൽക്കെ മറ്റൊരാൾ അന്വേഷണവുമായി അവളെ സമീപിക്കുകയുമരുത്. അഥവാ ഓരോരുത്തരുടെയും അവകാശം വകവെച്ചു കൊടുക്കണമെന്നാണ് നബി(സ)യുടെ അധ്യാപനം.

അവകാശ നിഷേധം സംഭവിക്കുന്ന വേറെയും നിരവധി സന്ദർഭങ്ങളുണ്ട്. പൊതു റോഡുകൾ കൈയടക്കി ഘോഷയാത്രയും പ്രകടനവും നടത്തി മാർഗതടസ്സം സൃഷ്ടിക്കുന്നത് അവകാശ നിഷേധത്തിൽ ഉൾപ്പെടും. നമസ്കരിക്കുമ്പോൾ പള്ളിയിൽ തൂണിനു പിറകിൽ വെച്ച് അത് നിർവഹിക്കണമെന്ന് പഠിപ്പിക്കപ്പെട്ടത് പള്ളിയിലൂടെ നടക്കുന്നവന് മാർഗതടസം ഉണ്ടാവാതിരിക്കാൻ കൂടിയാണെന്ന് പണ്ഡിതന്മാർ നിരീക്ഷിച്ചിട്ടുണ്ട്.

ക്യൂവിൽനിന്ന് തന്റെ ഊഴമെത്തുമ്പോൾ സാധിച്ചെടുക്കേണ്ട സംഗതികൾ വരി തെറ്റിച്ച് ചുളുവിൽ കയറുന്നവരും മറ്റുള്ളവരുടെ അവകാശത്തെയാണ് താൻ ഹനിക്കുന്നതെന്ന് മനസ്സിലാക്കുന്നില്ല. ഒരിക്കൽ പ്രവാചകന് കുടിക്കാൻ ഒരു പാത്രത്തിൽ പാൽ നൽകപ്പെട്ടു. അന്നേരം നബിയുടെ വലത്ത് ഒരു ഗ്രാമീണനും ഇടത്ത് അബൂബക്റും അടുത്തു തന്നെയായി ഉമറും നിൽപുണ്ടായിരുന്നു. നബി(സ) കുടിച്ച ശേഷം ബാക്കിയുള്ള പാൽ ഗ്രാമീണന് നൽകികൊണ്ട് പറഞ്ഞു: വലതു ഭാഗത്തുനിന്നാണ് തുടങ്ങേണ്ടത്(ബുഖാരി). തുടക്കം വലതുഭാഗത്ത് നിന്നാവണമെന്ന ഈ ദീനീ നിയമം എവിടെയും വ്യവസ്ഥകൾ പാലിക്കണമെന്നു കൂടിയാണ് പഠിപ്പിക്കുന്നത്. ■